ടുപ്പുകളുടെ ഒരു വർഷമായിരിക്കും ഇന്ത്യയിൽ 1985. ഇന്ദിരാഗാന്ധിയുടെ ചരമത്തെത്തുടർന്ന് നടന്ന പാർലമെന്ററി തെരഞ്ഞെടുപ്പിലെ ഫലമാതൃക ഈ സംസ്ഥാനനിയമസഭകളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ ആവർത്തിച്ചുകൊള്ളണമെന്നില്ല. പ്രാദേശികങ്ങളായ ഗ്രൂപ്പുകൾക്കും ക്ലിക്കുകൾക്കും കൂടുതൽ നിർണായകമായ സ്വാധീനം നിയമസഭാ തെരഞ്ഞെടുപ്പുകളിൽ സ്വതവെ ഉണ്ടായിരിക്കുമല്ലോ. പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇന്ദിരാകോൺഗ്രസ്സിനു കൈവന്ന വിജയത്തിൻഫലമായി ഇന്ത്യയിൽ രൂപംകൊണ്ടിട്ടുള്ള രാഷ്ട്രീയസ്ഥിരതയുടെ ചിത്രത്തിന് നിയമസഭാ തെരഞ്ഞെടുപ്പുകൾക്കുശേഷം, മങ്ങലേററുകൂടായ്കയില്ല.

രാഷ്ട്രീയചിത്രം എന്തായാലും, അഴിമതി കുറവും കാര്യക്ഷമത കൂടുതലുമുള്ള ഒരു ഭരണം നിലവിൽവരുമോ എന്നതാണു സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം സർവപ്രധാനമായ കാര്യം. പേടിക്കാതെ പുറത്തിറങ്ങി നടക്കാൻ സ്ത്രീകൾക്കും കുട്ടികൾക്കും കഴിയുമോ? ജനജീവിതത്തെ കല്പിച്ചുകൂട്ടി ദുരിതപൂർണമാക്കുന്ന പണിമുടക്കുകളും മെല്ലെപ്പോക്കുകളും സേവനത്തുറകളിൽനിന്ന് അപ്രത്യക്ഷമാവുമോ?

ഒരു സുപ്രഭാതത്തിൽ സ്ഥിതി ആകെ മാറിപ്പോവുമെന്നു പ്രതീക്ഷിക്കുന്നതു മൗഢ്യമാവും. പുരോഗതിയിലേക്കുള്ള കാൽവെപ്പുകൾ അവിടവിടെ കണ്ടുതുടങ്ങിയാൽത്തന്നെ ജനങ്ങൾക്ക് ആഹ്ലാദംകൊള്ളാം.

(3 ജനവരി, 1985)

# 35. വിഷം തീണ്ടിയ ഗംഗ

പുതിയ പാർലമെന്റ് ഉദ്ഘാടനംചെയ്തുകൊണ്ട് രാഷ്ട്രപതി ജ്ഞാനി സെയ്ൽസിംഗ് ജനവരി 17–ാം തീയതി ചെയ്ത പ്രസംഗത്തിൽ കേന്ദ്രഗവണ്മെന്റിനു പത്ത് ഇനങ്ങളുള്ള ഒരു പുതിയ പരിപാടി നിർദേശിക്കുകയുണ്ടായി. 1. തെരഞ്ഞെടുപ്പു സംബന്ധിച്ച പരിഷ്കാരങ്ങൾ, 2. നിയമസഭാംഗങ്ങളുടെ കൂറുമാററം തടയൽ, 3. ഭരണം കാര്യക്ഷമമാക്കൽ, 4. തുണിനിർമാണം സംബന്ധിച്ച പുതിയ പ്രഖ്യാപനം, 5. പുതിയ വിദ്യാഭ്യാസനയ രൂപവത്കരണം, 6 നീതിന്യായനിർവഹണം ത്വരിപ്പിക്കലും പാവങ്ങൾക്കു നീതി ലഭ്യമാക്കലും, 7. സ്ത്രീകൾക്കുവേണ്ടി ഒരു ദേശീയ പരിപാടി, 8. 1985–ലെ യുവജനവർഷാചരണം, 9. വന–വന്യജീവി–വകുപ്പും തരിശുഭൂമി വികസനബോർഡും ഉണ്ടാക്കൽ, 10. ഗംഗാനദിയിലെ മാലിന്യം നീക്കാൻ ഒരു കേന്ദ്രഗംഗാ–അധികാരസമിതി നിലവിൽ വരുത്തൽ എന്നിവയാണ് ഈ പരിപാടിയിലെ പത്ത് ഇനങ്ങൾ.

ഈ പത്തിനങ്ങളിൽ രണ്ടാമത്തേതായി നിയമസഭാംഗങ്ങളുടെ കൂറുമാററം തടയൽ നടപ്പിൽ വരുത്തുന്നതിനുള്ള ബില്ല് പാർലമെന്റിൽ അവതരിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. പാർലമെന്റിന്റെ ഈ സമ്മേളനത്തിൽ തന്നെ അതു നിയമമായിത്തീരുമെന്നും നമുക്കു വിശ്വസിക്കാം. രാഷ്ട്രീയരംഗത്തിലെ മലിനീകരണം ഒരളവുവരെ തടയാൻ ഈ നിയമം ഉപകരിച്ചേക്കും.

മാലിന്യം നീക്കി ഗംഗാനദിയുടെ വിശുദ്ധി പുനഃസ്ഥാപിക്കയെ

ന്ന പത്താമത്തെ ഇനം ഇത്രതന്നെ ക്ഷിപ്രസാദ്ധ്യമല്ല. ലോകത്തിലെ ഏററവുമധികം മാലിന്യം കലർന്ന ജലപ്രവാഹങ്ങളിലൊന്നാണ് ഇപ്പോൾ ഗംഗാനദി. മഞ്ഞുമൂടിയ ഹിമാലയ നിരകൾവിട്ട് ഹരിദ്വാരത്തിൽ സമതലത്തിലേക്ക് ഇറങ്ങുന്നതോടെ പതിതപാവനിയായ ഗംഗയിലെ മലിനീകരണം ആരംഭിക്കുന്നു. ഉത്തരപ്രദേശിലെ കന്നൗജ്നഗരത്തിലെ മാലിന്യങ്ങളും, കിഴക്കേ കാളീനദിയിലൂടെയെത്തുന്ന വ്യാവസായികമാലിന്യങ്ങളും കലർന്നുകഴിയുമ്പോഴേക്ക്, സ്വയം നവീകരിക്കുന്നതിനുള്ള ഗംഗാജലത്തിന്റെ കഴിവു നശിച്ചുപോകുന്നു. പിന്നീടങ്ങോട്ടു കുളിക്കാനും തുണിയലക്കാനുംകൂടി കൊള്ളാത്തതാണു ഗംഗാജലം. കാശിയിലെ നഗരമാലിന്യങ്ങളും അവിടത്തെ നദീതീരശ്മശാനങ്ങളിലെ പാതിവെന്ത ശവങ്ങളും ചേരുന്നതോടെ ഗംഗാജലം വിഷംതന്നെയായിത്തീരുന്നു. ഗംഗയിലെ മാലിന്യത്തിൽ എഴുപതു ശതമാനവും അതിൽ കലരുന്നതു കാശിയിൽവെച്ചാണത്രെ. കാൺപൂരിൽനിന്നു കലരുന്ന വ്യാവസായികമാലിന്യങ്ങൾകൂടിയാവുമ്പോൾ, ഗംഗാജലത്തിൽ ജലജന്തുക്കൾക്കു ജീവിക്കാൻ കഴിയാതെ വരുന്നു. കാൺപൂരിൽനിന്ന് അഞ്ചു മൈൽ ദൂരത്തോളം ഗംഗയിൽ മത്സ്യങ്ങൾ തീരെ ഇല്ലാതായിട്ടുണ്ടത്രെ.

ബീഹാറിൽ മുംഗേറിൽനിന്നുള്ള വ്യാവസായികമാലിന്യങ്ങൾ, പ്രത്യേകിച്ചും എണ്ണ, കലർന്ന ഗംഗയിൽ 1968–ൽ വലിയ ഒരു തീപിടുത്തമുണ്ടായി! കല്ക്കത്തയിൽ ഹൂഗ്ലീനദീമുഖത്തുള്ള മത്സ്യസമ്പത്തു മുപ്പതു ശതമാനമായി കുറഞ്ഞിട്ടുണ്ടെന്നു റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുണ്ട്. വയലുകൾ നനയ്ക്കുന്നതിനുപോലും പററാത്തതായിരിക്കുന്നു പലയിടത്തും ഗംഗാജലം. ഗംഗയുടെ പോഷകനദികളുടെ ആരോഗ്യവും തീരെ മെച്ചപ്പെട്ടതല്ല. ദില്ലിയിൽനിന്ന് ഓരോ ദിവസവും ഇരുപത്തൊന്നു കോടി ഗാലൻ അഴുക്കുവെള്ളമാണത്രെ യമുനയിൽ കലരുന്നത്. ഇതിൽ പതിനൊന്നു കോടി എഴുപതു ഗാലൻ ജലവും നഗരത്തിലെ അഴുക്കുചാലുകളിൽനിന്ന്, ഒരു ശുദ്ധീകരണവുംകൂടാതെ, നേരിട്ട് യമുനയിലേക്ക് ഒഴുക്കപ്പെടുന്നതാണ്.

ഗംഗ 'ഇന്ത്യയുടെ നദി'യാണെന്ന് ജവാഹർലാൽ നെഹ്റു പ്രസ്താവിച്ചിട്ടുണ്ട്. 'ഇന്ത്യയിലെ ജനങ്ങൾ ഗംഗയെ ആരാധിക്കുന്നു. ഇന്ത്യയുടെ സാമൂഹ്യസ്മൃതികളും; ആശയങ്ങളും, ഭയങ്ങളും, ജയങ്ങളും, പരാജയങ്ങളും, കവിതയും എല്ലാം ഗംഗയുമായി ചുററിപ്പിണഞ്ഞു കിടക്കുന്നു.' പക്ഷേ, ഗംഗയെ ആരാധിക്കുകയും, ഗംഗാജലംകൊണ്ടു സ്വന്തം ഗൃഹങ്ങൾക്കു വിശുദ്ധി നൽകുകയും, ഗംഗാതീരത്തിൽ മരിക്കാനാഗ്രഹിക്കുകയും, മരിക്കുന്നവരുടെ വായിൽ സ്വർഗയാത്രയ്ക്കുള്ള പാഥേയമായി ഗംഗാജലം ഇററിച്ചുകൊടുക്കുകയും ചെയ്യുന്നവർതന്നെയാണു സാമൂഹ്യബോധത്തിന്റെ കണികപോലുമില്ലാതെ ഗംഗയെ അതിഭീമമായ ഒരു വിഷപ്രവാഹമായി മാററിക്കൊണ്ടിരിക്കുന്നത്.

പല സംസ്ഥാനങ്ങളിലൂടെ ഒഴുകുന്ന ഗംഗയ്ക്കു മാലിന്യവിമുക്തി നൽകുന്നതിനുള്ള ഒരു ഏകീകൃതസംരംഭം ഇതിനുമുമ്പ്, ഉണ്ടായിട്ടില്ല. വ്യാവസായിക മാലിന്യം ഗംഗയിലേക്ക് ഒഴുകുംമുമ്പ് അതു ശുദ്ധീകരിക്കുവാൻ ഏർപ്പാടു ചെയ്യണമെന്ന നിർദേശം, ഗംഗാതീരത്തിലെ വ്യത്യസ്ത സംസ്ഥാനങ്ങൾ, വലുതും ചെറുതുമായ ഇരുന്നൂററിപ്പതിനാലു് വ്യവസായ സ്ഥാപനങ്ങൾക്ക് ഇതിനകം നൽകിയിട്ടുണ്ട് എന്നതു ശരിതന്നെ. എന്നാൽ, ഈ നിർദേശത്തിനു വല്ല വിലയും ഈ സ്ഥാപനങ്ങൾ ഇന്നോളം കല്പിച്ചിട്ടുള്ളതായി അറിവില്ല.

ഗംഗയിലെ മാലിന്യം നീക്കുകയെന്ന ഉദ്ദേശ്യത്തോടെ കേന്ദ്രഗവൺമെന്റ് ഒരു 'ഗംഗാ–അധികാരസമിതി' ഇപ്പോൾ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. നാലു തട്ടുകളായിട്ടാണ് ഈ സമിതി വിഭാവനംചെയ്യപ്പെട്ടിട്ടുള്ളത്. അധികാരസമിതിയുടെ ഏററവും ഉയർന്ന തലത്തിൽ,

പ്രധാനമന്ത്രി ചെയർമാനും, ഗംഗാതീരത്തുള്ള സ്റ്റേറ്റുകളിലെ മുഖ്യമന്ത്രിമാർ, പ്ലാനിങ് കമ്മീഷന്റെ ഡെപ്യൂട്ടി ചെയർമാൻ, പരിസ്ഥിതി–വന–സംരക്ഷണം, സയൻസും ടെക്നോളജിയും, പ്ലാനിങ് എന്നിവയ്ക്കുള്ള കേന്ദ്രത്തിലെ സ്റ്റേറ്റ്–മന്ത്രിമാർ, പ്ലാനിങ് കമ്മീഷനിൽ പരിസ്ഥിതിയുടെയും സയൻസിന്റെയും ചുമതല വഹിക്കുന്ന അംഗം എന്നിവർ അംഗങ്ങളുമായി ഒരു കമ്മിറ്റി ഉണ്ടായിരിക്കും. കേന്ദ്രപരിസ്ഥിതി വിഭാഗത്തിന്റെ സെക്രട്ടറി ചെയർമാനും, പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട കേന്ദ്രത്തിലെയും സംസ്ഥാനങ്ങളിലെയും ഉദ്യോഗസ്ഥന്മാർ അംഗങ്ങളുമായുള്ള ഒരു 'സ്റ്റീയറിങ് കമ്മറ്റി'യാണ് ഗംഗാ–അധികാരസമിതിയുടെ രണ്ടാമത്തെ തലം. ഓരോ സ്റ്റേറ്റിലുമുള്ള മാലിന്യനിവാരണപ്രവർത്തനങ്ങൾക്കു മേൽനോട്ടം വഹിക്കാൻ അതാതു സ്റ്റേറ്റിലെ ചീഫ് സെക്രട്ടറി ചെയർമാനായി ഓരോ ഉന്നതതല കമ്മിറ്റികൾ ഉണ്ടായിരിക്കും. 'പ്ലാനിങ് കമ്മീഷനിലെ സയൻസ്–പരിസ്ഥിതി വിഭാഗങ്ങളുടെ ചുമതല വഹിക്കുന്ന അംഗം ചെയർമാനായി ഒരു 'മോണിറ്ററിങ് വിഭാഗം', കമ്പ്യൂട്ടറിന്റെ സഹായത്തോടെ ഗംഗാനദിയുടെ ആരോഗ്യത്തെ സ്ഥിരമായി നിരീക്ഷിച്ചുകൊണ്ടിരിക്കും. ഗംഗാ–അധികാര സമിതിയെക്കുറിച്ചുള്ള ഈ വിശദാംശങ്ങൾ വെളിപ്പെടുത്തിക്കൊണ്ട് പ്രധാനമന്ത്രി രാജീവ്ഗാന്ധി ഈ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിഭവങ്ങൾ കേന്ദ്രഗവണ്മെന്റ് ലഭ്യമാക്കുമെന്നും, മാലിന്യനിവാരണം സംബന്ധിച്ച ചുമതല കേന്ദ്രത്തിലെയും സംസ്ഥാനങ്ങളിലെയും അതാതു ഭരണ വിഭാഗങ്ങളെ അസന്ദിഗ്ദ്ധമായി വകതിരിച്ച് ഏല്പിക്കുമെന്നും പ്രസ്താവിക്കുകയുണ്ടായി. ആദ്യത്തെ അഞ്ചു വർഷങ്ങളിൽ ഗംഗാ–അധികാരസമിതിയുടെ പ്രവർത്തനങ്ങൾക്ക് ഇരുനൂറ്റമ്പതു കോടി രൂപ ചെലവുവരുമെന്നാണ് ഇപ്പോൾ കണക്കാക്കിയിട്ടുള്ളത്.

നദികളിലെ മാലിന്യം തടയുന്നതെങ്ങനെയാണ്? നദീതീരനഗരങ്ങളിലെ മലവും മലിനജലവുമാണ് നദികളെ മലിനീകരിക്കുന്ന മുഖ്യ ഘടകം. തീരനഗരങ്ങളിലെ റിസർവോയറുകളിൽ ശേഖരിച്ച്, ജൈവ–രാസപ്രക്രിയകളിലൂടെ മാലിന്യം അരിച്ചുമാറ്റുകയാണ് ആദ്യമായി ചെയ്യേണ്ടത്. ഈ മാലിന്യത്തിൽ ഏറിയഭാഗവും സംസ്കരിച്ച് വളമാക്കി ഉപയോഗിക്കാവുന്നതാണ്. മാലിന്യം നീക്കികളഞ്ഞ ജലം വയലുകൾ നനയ്ക്കുന്നതിനു പ്രയോജനപ്പെടുത്താം. ഗംഗാനദിതീരത്തുള്ള മിക്ക നഗരങ്ങളിലും മലിനജലശുചീകരണത്തിനുള്ള ചില സംവിധാനങ്ങൾ ഇതിനകം ഉണ്ടാക്കിക്കഴിഞ്ഞിട്ടുണ്ട്. പക്ഷേ, ഇവ പ്രവർത്തിപ്പിക്കുവാൻ ചുമതലപ്പെട്ട മുനിസിപ്പാലിറ്റികളും മറ്റ് അധികൃതസ്ഥാപനങ്ങളും, അശ്രദ്ധ നിമിത്തവും, വേണ്ടത്ര പണം ഇല്ലായ്കയാലും, നിഷ്ക്രിയങ്ങളായി ഇരിക്കുകയാണ്. ചുരുക്കത്തിൽ, പ്രാദേശിക ഭരണസ്ഥാപനങ്ങൾക്ക് ഉത്തരവാദിത്തബോധം ഉളവാക്കുകയും, അവയെ പ്രവർത്തനനിരതങ്ങളാക്കുകയുമാണു മാലിന്യനിവാരണരംഗത്തിലെ മുഖ്യ പ്രശ്നം.

നദീതീരത്തുള്ള വ്യവസായസ്ഥാപനങ്ങൾ നദിമലിനീകരണത്തിൽ വലിയൊരു പങ്കു വഹിക്കുന്നുണ്ട്. പൊതു–ഉടമയിലുള്ളവയായാലും സ്വകാര്യമേഖലയിലുള്ളവയായാലും ഈ വ്യവസായസ്ഥാപനങ്ങൾ, തങ്ങൾ പുറത്തുവിടുന്ന ജലത്തിലെ മാലിന്യം നീക്കുന്നതിൽ ഒട്ടും ശ്രദ്ധിക്കുന്നില്ല. സ്റ്റേറ്റുകളിലെ മാലിന്യ–നിയന്ത്രണ–ഉദ്യോഗസ്ഥന്മാർക്ക് ഇത്തരം വ്യവസായസ്ഥാപനങ്ങളെക്കൊണ്ട് തങ്ങളുടെ ഉത്തരവുകൾ അനുസരിപ്പിക്കാനുള്ള കഴിവ് ഇന്നോളം കൈവന്നിട്ടില്ല. പലപ്പോഴും അധികൃതർക്കു നിസ്സാരങ്ങളായ ആനുകൂല്യങ്ങൾ നൽകി സർക്കാർ ഉദ്യോഗസ്ഥന്മാരുടെ വായ് അടയ്ക്കുവാൻ ഈ കമ്പനികൾക്കു കഴിയുന്നു. ജല

മാലിന്യവിപത്തിനെപ്പററി പൊതുജനബോധം വേണ്ടത്ര ഉണർന്നു കഴിഞ്ഞിട്ടുമില്ല.

ജനങ്ങൾക്കിടയിൽ മാലിന്യവിപത്തിനെപ്പററിയുള്ള ബോധം ഉളവാക്കുകയും, ഈ വിപത്തിനെതിരെ സംഘടിച്ചു പൊരുതുന്നതിനുള്ള സന്നദ്ധതയും സംഘടനാ–സംവിധാനവും നാട്ടുനീളെ കെട്ടിപ്പടുക്കുകയും ചെയ്യുംവരെ, സർക്കാർതലത്തിലുള്ള മാലിന്യ–നിവാരണ–പ്രവർത്തനങ്ങൾക്ക് ഉദ്ദിഷ്ടഫലം കൈവരുമെന്നു പ്രതീക്ഷിച്ചുകൂടാ.

ഗംഗയുടെ മാലിന്യം അകററുന്നതിനു ദേശീയതലത്തിൽ നടക്കുന്ന പ്രവർത്തനം, സംസ്ഥാനതലത്തിൽ നദീമാലിന്യനിർമാർജനപ്രവർത്തനങ്ങൾക്കു പ്രചോദനം നൽകേണ്ടതാണ്. ഗംഗയെപ്പോലെതന്നെ അടിയന്തിരമായി മാലിന്യനിർമാർജനം ആവശ്യപ്പെടുന്നവയാണ് ഇന്ത്യയിലെ എല്ലാ നദികളും. ഗുജറാത്തിലെ രാസവ്യവസായങ്ങൾ കലർത്തിവിടുന്ന മാലിന്യം നിമിത്തം സബർമതിപ്പുഴയിലേക്കിറങ്ങാൻ കന്നുകാലികൾ കൂട്ടാക്കാതായിട്ടുണ്ടെന്ന് ഈയിടെ ഒരു പത്രത്തിൽ വായിക്കുകയുണ്ടായി. കേരളത്തിൽ ചാലിയാർ ഒരു വിഷനദിയായി മാറിയിട്ട് എത്ര വർഷങ്ങളായി! പെരിയാററിന്റെ ആരോഗ്യവും ആശങ്കാജനകമാംവിധം അധഃപതിച്ചിട്ടുണ്ട്. ഗംഗയെപ്പോലെ തെക്കേ ഇന്ത്യയിലെ ഒരു നദിയിൽക്കൂടി മാലിന്യനിയന്ത്രണപ്രവർത്തനങ്ങൾ കേന്ദ്രഗവണ്മെൻറിന്റെ ഉത്തരവാദിത്തത്തിൽ താമസിയാതെ ആരംഭിക്കുന്നതാണെന്നു ജനുവരി 24-ാം തീയതി പാർലമെൻറിൽ പ്രധാനമന്ത്രി രാജീവ ഗാന്ധി പ്രസ്താവിച്ചിരുന്നു. എന്തുകൊണ്ട് ഈ നദി പെരിയാറായിക്കൂടാ? അതെന്തായാലും നദീജലങ്ങളിൽ ഇപ്പോഴുള്ള മാലിന്യത്തെപ്പററിയും, ഈ മാലിന്യം അകററി അവയുടെ വിശുദ്ധി വീണ്ടെടുക്കുന്നതിനെപ്പററിയുള്ള തീവ്രമായ അവബോധം കേരളത്തിലെ ജനങ്ങൾക്കിടയിൽ വളർത്തുവാൻ ഒരു സംഘടിതശ്രമം ആരംഭിക്കേണ്ടിയിരിക്കുന്നു. സ്റ്റേററിലെ ശാസ്ത്ര–സാങ്കേതികവകുപ്പ് ഈ കാര്യത്തിൽ മുൻകൈ എടുക്കുമോ?

(26 ജനുവരി, 1985)

# 36. ഏഴാം പഞ്ചവത്സരപദ്ധതി എന്തിന്?

വികസനത്തിനുവേണ്ടി സമഗ്രമായ സാമ്പത്തികാസൂത്രണം എന്ന ആശയം ആദ്യമായി ആവിഷ്കരിച്ചതു് സോവിയററ്യൂണിയൻ ആയിരുന്നു. സോവിയററ്യൂണിയനിലെ സപ്തവത്സരപദ്ധതികളെ മാതൃകയാക്കിയാണ് സ്വാതന്ത്ര്യഭാരതം പഞ്ചവത്സരപദ്ധതികൾക്കു രൂപം നൽകിയതു്. ആറു് പഞ്ചവത്സരപദ്ധതികൾക്കും, ഇടയ്ക്കുള്ള ചില 'പ്ലാൻ ഹോളിഡേ' കൾക്കുംശേഷം, പഞ്ചവത്സരപദ്ധതികൾ ഇന്നു നമ്മുടെ ശ്രദ്ധ ആകർഷിക്കാതായിരിക്കുന്നു. നിത്യനിദാനഭരണത്തിന്റെ ഭാഗമായി, ഉദ്യോഗസ്ഥമേധാവിത്വത്തിന്റെ മറെറാരു രൂപമായി അവ മാറിയിരിക്കുന്നു.

ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതു് ആറാമത്തെ പഞ്ചവത്സരപദ്ധതിയാണെന്ന് എത്രപേർ ഓർമിക്കുന്നുണ്ടാവും? ഓരോ പദ്ധതിക്കാലം തീരുമ്പോഴും പദ്ധതിയുടെ ഭൗതികലക്ഷ്യങ്ങൾ നേടിക്കഴിഞ്ഞുവോ എന്നു പരിശോധിക്കുകയോ പദ്ധതികൊണ്ടു സമൂഹത്തിനു് എന്തു നേട്ട